# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 6427** **31.10.2011 - ൽ മറുപടിക്ക്**

## സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം

**ചോദ്യം**

ശ്രീ. ജി. സുധാകരൻ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. സി. കെ. സദാശിവൻ
ശ്രീ. എം. ചന്ദ്രൻ

(എ) ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം നടത്താനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്പിന്നിംഗ് മില്ലുകളിലെ പ്ലാന്റ്, മെഷീനറി എന്നിവയുടെ നവീകരണം പൂർത്തിയായിട്ടുണ്ടോ;

**ഉത്തരം**

ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി)

(എ&ബി) ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതിയുടെ ശുപാർശ പ്രകാരം 2009-10 ൽ സർക്കാർ 120 കോടി രൂപ മൊത്തം അടങ്കൽ തുക വരുന്ന പുനരുദ്ധാരണ പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. 2009-10 ലെ ബഡ്ജറ്റിൽ കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ,മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനത്തിനായി 3 കോടി രൂപ നൽകുകയുണ്ടായി. 2010-11 ലെ ബഡ്ജറ്റിൽ 426.09 ലക്ഷം രൂപ മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിനും 410.09 ലക്ഷം രൂപ കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിനും വകയിരുത്തി നൽകുകയുണ്ടായി. ഈ തുക ഉപയോഗിച്ച് മില്ലുകളിൽ താഴെ പറയുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

| കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | പി.ഒ.കൊടുത്തത് | കിട്ടിയത് | കിട്ടാനുള്ളത്. |
|---|---|---|---|
| cerding Truetzschler | 6 | 6 | – |
| drawing Truetzschler | 3 | 1 | 2 |
| simplex (Zinser) | 4 | 4 | – |
| AWES | 1 | 1 | – |
| Stabilizer | 10 | 5 | 5 |
| cans | 1000 | 300 | 700 |
| simplex bobbin | 16000 | – | 16000 |

| മലബാർ കോപ്പറേറ്റീവ് സ്പിന്നിംഗ് | പി.ഒ കൊടുത്തത് | കിട്ടിയത് | കിട്ടാനുള്ളത് |
|---|---|---|---|
| Blowroom | 1 | 1 | – |
| carding Truetzschler | 6 | 6 | – |
| drawing Truetzschler | 2 | 1 | 1 |
| simplex (Zinser) | 2 | 2 | – |
| AWES | 1 | 1 | – |
| Stabilizer | 10 | 10 | – |
| cans | 700 | 700 | – |
| simplex bobbin | 15000 | 15000 | – |

പുതിയ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനാവശ്യമായ സിവിൽ/ഇലക്ട്രിക്കൽ ജോലികൾ പുരോഗമിക്കുന്നു.

തൃശ്ശൂർ, ആലപ്പുഴ,കൊല്ലം എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണ പദ്ധതികൾ പരിഗണനയിലാണ്. തൃശ്ശൂർ, ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി 2011-12 ബഡ്ജറ്റിൽ 3 കോടി രൂപ(150 ലക്ഷം വീതം) വകയിരുത്തിയിട്ടുണ്ട്. കൂടാതെ എൻ.സി.ഡി.സി ടേംലോൺ വിഹിതമായി മലപ്പുറം, കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് 2011-12 ബഡ്ജറ്റിൽ 1056 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഏതെല്ലാം മില്ലുകളുടെ നവീകരണത്തിന് എൻ.സി.ഡി.സി. സഹായം ഉറപ്പായിട്ടുണ്ട്?

(സി) മലപ്പുറം. കണ്ണൂർ എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പ്രോജക്ട് റിപ്പോർട്ട് ചില നിബന്ധനൾക്ക് വിധേയമായി എൻ.സി.ഡി.സി. ധനസഹായത്തിന് വേണ്ടി അംഗീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**